**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1564** **19-09-2025 - ൽ മറുപടിയ്ക്ക്**

**ചേലക്കര കരിയർ ഡവലപ്പ്മെന്റ് സെന്റർ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ചേലക്കര നിയോജകമണ്ഡലത്തിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിലെ വാഴക്കോട്ടുള്ള കരിയർ ഡവലപ്പ്മെന്റ് സെന്റർ എന്ന് മുതൽ വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമായി തുറന്നു കൊടുക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; പ്രവർത്തനം ആരംഭിക്കുന്നതിനായി ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; വിശദാംശം വ്യക്തമാക്കാമോ? | (എ) | ചേലക്കര നിയോജകമണ്ഡലത്തിലെ മുള്ളൂർക്കര ഗ്രാമപഞ്ചായത്തിലെ വാഴക്കോട്ടുള്ള കരിയർ ഡവലപ്പ്മെന്റ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നത് സെന്ററിന്റെ ഇന്റീരിയർ വർക്കുകളാണ്. ഇന്റീരിയർ വർക്ക് ചെയ്യുന്നതിനായി തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രയിൽ നിന്നും ലഭിച്ച 49,80,000/-രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഇന്റീരിയർ വർക്ക് നോൺ പി.എം.സി. വ്യവസ്ഥയിൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇന്റീരിയർ വർക്ക് ആരംഭിക്കുന്ന മുറയ്ക്ക് ആറ് മാസത്തിൽ പൂർത്തീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ